**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3966** **16.05.2017 ൽ മറുപടിയ്ക്ക്**

**നാളികേരത്തിന് താങ്ങുവില**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) നാളികേരത്തിന് താങ്ങുവില നിശ്ചയിച്ച് കേരഫെഡ് കർഷകരിൽ നിന്നും നാളികേരം നേരിട്ട് സംഭരിക്കുന്ന പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) ഉണ്ട്. നിലവിലുണ്ടായിരുന്ന കൃഷിഭവനുകളും സന്നദ്ധത പ്രകടിപ്പിച്ച കേരഫെഡിലെ അംഗസംഘങ്ങളും നാളികേര ഉത്പാദക കമ്പനികളും വഴി സംഭരണ പദ്ധതി വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഏതെല്ലാം ഇനങ്ങളിലാണ് ഇപ്പോൾ നാളികേര കർഷകർക്ക് സബ്സിഡി നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ട് അടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 62.50 ലക്ഷം രൂപ ധനസഹായം നൽകുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. കർഷകർക്ക് തെങ്ങു കയറ്റ യന്ത്രങ്ങൾ 2000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 60 എണ്ണം വരെ നൽകുന്നതിന് 1.2 ലക്ഷം രൂപയും, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 25000/- രൂ. നിരക്കിൽ ഒരു കേരഗ്രാമത്തിലെ 21 ഹെക്ടറിലേക്കായി 5.25 ലക്ഷം രൂപയും ജൈവവളത്തിന്റെ |

(.....2)

ലഭ്യത ഉറപ്പാക്കുന്നതിന് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് യൂണിറ്റൊന്നിന് 10000/- രൂ. നിരക്കിൽ ഒരു ഗ്രാമത്തിൽ 8 എണ്ണം യൂണിറ്റുകൾക്ക് 0.8 ലക്ഷം രൂപയും, ഒരു ഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നേഴ്സറി സ്ഥാപിക്കുന്നതിന് 50000/- രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവത്കരണത്തിനും സംഘടന ചിലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10000/- രൂപയും പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് കൂട്ടായ്മ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതലകേരസമിതിക്കായി 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**